# അടിയന്തിരാവസ്ഥയുടെ ഓർമ്മകൾ

കോഴിക്കോട് : അടിയന്തിരാവസ്ഥയുടെ ഭീകരമായ ഓർമ്മകൾ പങ്കുവെച്ച 'അടിയന്തിരാവസ്ഥ ഇന്നു തിരിഞ്ഞു നോക്കുമ്പോൾ' ചടങ്ങ് ആന്ധ്രാപ്രദേശിലെ വിപ്ലവ കവി ഗദ്ദർ ഉദ്ഘാടനം ചെയ്തു. ജൂൺ25ന് കോഴിക്കോട് ടൗൺ ഹാളിൽ തിങ്ങി നിറഞ്ഞ സദസ്സിനു മുമ്പിൽ പരമ്പരാഗത വേഷങ്ങളണിഞ്ഞ് ഗദ്ദർ കാവ്യാലാപനം നടത്തി. പൗരന്റെ മൗലികാവകാശങ്ങളെ കവർന്നെടുത്ത കിരാതവാഴ്ചയുടെ അനുഭവ സാക്ഷ്യങ്ങൾ ഗ്രോവാസു വിവരിച്ചു. മന്ദാകിനി നാരായണൻ, സി.വി.ശ്രീരാമൻ, എം.എൻ.വിജയൻ, ടി.കെ.രാമചന്ദ്രൻ, എം.എൻ.കാരശ്ശേരി തുടങ്ങിയവരും സംസാരിച്ചു.



ആന്ധ്രാപ്രദേശിലെ തുപ്രോൺ ഗ്രാമത്തിൽ ജനിച്ച 'വിട്ടൽ നവു'വെന്ന ഗദ്ദർ മുമ്പും പലതവണ കേരളത്തിലെത്തിയിട്ടുണ്ട്. ഗദ്ദർ ഉദ്ഘാടന പ്രസംഗത്തിൽ ഇങ്ങനെ പറഞ്ഞു. "എ.കെ.ആന്റണിയും, ചന്ദ്രബാബു നായിഡുവും, വാജ്പേയിയും ബഹുരാഷ്ട്ര കുത്തകകൾക്കുവേണ്ടി നിലകൊള്ളുന്നവരാണ്, സാധാരണ ജനങ്ങളുടെ പ്രശ്നങ്ങൾ അവർ ശ്രദ്ധിക്കാറില്ല. ഗ്ലോബലൈസേഷനും, ഉദാരവൽക്കരണ നയങ്ങളും ഇതിന്റെ ഭാഗമാണ്. ഭക്ഷണം, പാർപ്പിടം, വസ്ത്രം ഇവയൊക്കെ നിഷേധിക്കപ്പെടുന്ന പുതിയ നയം മറ്റൊരടിയന്തിരാവസ്ഥയാണ്. ജനങ്ങളുടെ അടിസ്ഥാനാവശ്യങ്ങൾക്കുവേണ്ടി നിലകൊള്ളാത്ത സർക്കാരിനെതിരെ പടപൊരുതണം. മൾട്ടിനാഷണൽ കമ്പനികളുടെ ഏജന്റുമാരായി പ്രവർത്തിക്കുന്ന ഇവരെ ജനങ്ങൾ തള്ളിക്കളയണം. കേരളത്തിന്റെ കാർഷിക തകർച്ചയും ദളിത് പീഡനങ്ങളും ജാതീയമായ വേർതിരിവുകളും ഇന്ത്യൻ ദേശീയതയുടെ ഭീകരമായ മുഖമാണ്. കടലുണ്ടിയിലെ അപകടത്തിൽ പെട്ടവരെ രക്ഷിച്ചത് വാജ്പേയിയോ, ആന്റണിയോ അല്ല. ഗ്രാമീണരായ സാധാരണക്കാരാണ്". ഗദ്ദർ തന്റെ വികാരം കവിതകളിലൂടെ ആവിഷ്കരിച്ചു.

അടിയന്തിരാവസ്ഥയുടെ രക്തസാക്ഷി രാജന്റെ സ്മരണയ്ക്ക് സമർപ്പിച്ച ചടങ്ങിൽ എം.എൻ.വിജയൻ രാജൻ അനുസ്മരണ പ്രഭാഷണം നടത്തി. കോഴിക്കോട് സെക്യുലർ കളക്ടീവ് ആണ് ചടങ്ങിന്റെ സംഘാടകർ.